# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 546** **11.06.2013 ൽ മറുപടിക്ക്**

## *വിവിധ ഏജൻസികളിൽ നിന്നും സ്വീകരിച്ച വായ്പകൾ*

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീമതി. കെ.എസ്. സലീഖ | ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |
| എ. | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ, മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവകളിൽ നിന്നും എന്ത് തുക വായ്പയായി സ്വീകരിച്ചു; ഇനം തിരിച്ച് വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരമേറ്റതുമുതൽ 31.03.2013 വരെയുള്ള കണക്കുകൾപ്രകാരം ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, മറ്റു വിദേശ ഏജൻസികൾ തുടങ്ങിയവകളിൽനിന്നും എടുത്ത വായ്പകളുടെ വിശദാംശം 'അനുബന്ധം I' ൽ ചേർത്തിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റതുമുതൽ 31.03.2013 വരെയുള്ള കണക്കുകൾപ്രകാരം നബാർഡിൽനിന്നും 916.297 കോടി രൂപയും നാഷണൽ കൊ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും 124.81 കോടി രൂപയും വായ്പയായി സ്വീകരിച്ചിട്ടുണ്ട്. നബാർഡിൽനിന്നും ലഭിച്ച വായ്പ ഗ്രാമീണമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നാഷണൽ കൊ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നുമുള്ള വായ്പ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നതിനുമാണ് വിനിയോഗിക്കുന്നത്. |
| (ബി) | ഇപ്രകാരം ലഭിച്ച വായ്പകൾ ഏതെല്ലാം മേഖലകൾക്ക് എന്ത് മാനദണ്ഡങ്ങൾ പ്രകാരം വിനിയോഗിക്കുന്നു; വ്യക്തമാക്കുമോ; | |

| | | |
|---|---|---|
| സി | ഇത്തരത്തിൽ വിവിധ ഏജൻസികളിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ് കാലാവധി എന്നു മുതലാണ് തുടങ്ങുന്നത്; വിവിധ ഏജൻസികളിൽ നിന്നും എടുത്ത വായ്പയുടെ പലിശ എത്ര ശതമാനം; സബ്സിഡികൾ ലഭ്യമാണോ: തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | വിദേശ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമെടുത്ത വായ്പയുടെ തിരിച്ചടവ് കാലാവധി, പലിശ നിരക്ക് എന്നിവ സംബന്ധിച്ച വിശദാംശം 'അനുബന്ധം I' ൽ ചേർത്തിട്ടുണ്ട്. നബാർഡിൽനിന്നും വായ്പ ലഭിക്കുന്നതു മുതൽ രണ്ട് വർഷത്തെ ഗ്രേസ് പീരിഡിനുശേഷം അഞ്ച് തുല്യ വാർഷിക ഗഡുക്കളായിട്ടാണ് മുതൽ തിരിച്ചടയ്ക്കുന്നത്. പലിശ, നബാർഡിൽനിന്നും വായ്പ ലഭ്യമാകുന്ന മുറയ്ക്ക് ത്രൈമാസ ഗഡുക്കളായിട്ടാണ് നൽകുന്നത്. നബാർഡിൽനിന്നും ലഭിക്കുന്ന വായ്പകളുടെ പലിശ നിരക്ക് നിലവിൽ 6.75 % മാണ്. നാഷണൽ കൊ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നുമുള്ള ചില വായ്പകൾക്ക് ഒന്നു മുതൽ മൂന്ന് വർഷം വരെ മൂലധന ചെലവിന് മൊറട്ടോറിയം നിലവിലുണ്ട്. അല്ലാത്തവയുടെ തിരിച്ചടവ് വായ്പ ലഭിച്ചതിന് തൊട്ടടുത്ത വർഷം മുതൽ ആരംഭിക്കുന്നു. നാഷണൽ കൊ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നുമുള്ള വായ്പകൾക്ക് 8.5% മുതൽ 13.75% വരെയാണ് പലിശ നിരക്ക്. നാഷണൽ കൊ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നുമുള്ള ചില വായ്പകൾക്ക് സബ്സിഡി ലഭിക്കുന്നുണ്ട്. |
| ഡി | ഇത്തരത്തിൽ സ്വീകരിച്ചിട്ടുള്ള വായ്പകൾ യഥാവിധിയും കരാർ പ്രകാരവും ഉപയോഗിക്കുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | വായ്പകൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് വിനിയോഗിക്കുവാൻ അനുമതി നൽകുന്നത്. |

അക്കൗണ്ട്സ് ഓഫീസർ

**അനുബന്ധം I**

**വിദേശ ഏജൻസികളിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്ന 18.05.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ എടുത്ത വായ്പയുടെ വിശദാംശങ്ങൾ**

| | | | തുക ലക്ഷത്തിൽ | | |
|---|---|---|---|---|---|
| ക്രമ നം. | പദ്ധതി | വിദേശ ഏജൻസി | ആകെ എടുത്ത വായ്പ (18.05.2011 മുതൽ 31.03.2013 വരെ) | തിരിച്ചടവ് ആരംഭിക്കുന്നത് | പലിശ നിരക്ക് |
| 1. | നാഷണൽ ഹൈഡ്രോളജി പദ്ധതി -II | ലോക ബാങ്ക് | 609.19 | 15.03.2010 | വിദേശ ധനകാര്യ ഏജൻസി നിശ്ചയിക്കുന്ന വേരിബിൾ റേറ്റിലുള്ള പലിശയാണ് നൽകുന്നത് |
| 2 | കെ.എസ്.യു.ഡി.പി | എ.ഡി.ബി | 13147.7 | 15.01.2011 | |
| 3. | കേരള വാട്ടർ സപ്ളൈ പദ്ധതി-II | ജിക്ക | 36890.97 | 20.03.2017 | 1.30% |
| 4. | കേരള വാട്ടർ സപ്ളൈ പദ്ധതി-III | ജിക്ക | 6404.65 | 20.03.2019 | 1.20% |
| 5. | കെ.എൽ.ജി.എസ്.ഡി.പി. | ലോക ബാങ്ക് | 32428.26 | 15.09.2021 | 0.750% |
| 6. | ഡ്രിപ് | ലോക ബാങ്ക് | 486.17 | 15.12.2020 | 0.750% |
| 7 | കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ പ്രോജക്ട് - II (ജലനിധി പദ്ധതി - II) | ലോക ബാങ്ക് | 164.58 | 15.06.2017 | 2.00% |
| 8 | കെ.എസ്.റ്റി.പി | ലോക ബാങ്ക് | 2061.47 | 01.10.2011 | 9.00% |
| | ആകെ | | **92192.99** | | |

അക്കൗണ്ട്സ് ഓഫീസർ